ഇവിടെ വരുന്നുണ്ട്. തേക്കടിയിൽ ഇപ്പോഴത്തെന്ന ധാരാളം ആളുകൾ വിദേശത്തുനിന്ന് വരുന്നുണ്ട്. തേക്കടി ഒരു പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രമായി വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: കേരളത്തിലെ പ്രധാനപ്പെട്ട ഒരു വിനോദ സഞ്ചാരകേന്ദ്രമാണ് തേക്കടി. അവിടെ കുറച്ചു പരിമിതികളുണ്ട് എന്നു മനസ്സിലാക്കിയതുകൊണ്ട് ആ പരിമിതികൾ മാറ്റുന്നതിനും തേക്കടിയിലേക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ മാറ്റുന്നതിനും വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. തേക്കടി കുറച്ചു കൂടി വികസിപ്പിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: തേക്കടി മാത്രമല്ല, ഇടുക്കി ജില്ലാ ആസ്ഥാനമായ പൈനാവ്, കുളമാവ് തുടങ്ങിയ പ്രദേശങ്ങളാകെത്തന്നെ വിദേശസഞ്ചാരികൾക്കാകർഷകങ്ങളായ പ്രദേശങ്ങളാണ്. അതിനാൽ ഇടുക്കി, കുളമാവ് തുടങ്ങിയ പ്രദേശങ്ങളെല്ലാം കേന്ദ്രീകരിച്ച് വികസനത്തിന് ഒരു മാസ്റ്റർപ്ലാൻ ഉണ്ടാക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പറ്റിയ പ്രദേശമാണ് ഇടുക്കി. അതുകൊണ്ട് ആ പ്രദേശങ്ങളടക്കമുള്ള ഹിൽ ഏരിയാ മുഴുവൻ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി പര്യാപ്തമാക്കുന്നതാണ്. ഇപ്പോഴത്തെ താമസസൗകര്യങ്ങളുടെ അപര്യാപ്തതയുള്ള സ്ഥലങ്ങളിൽ താമസിക്കുവാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ച്, വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പര്യാപ്തമായ വിധത്തിലുള്ള പ്രദേശങ്ങളാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: ഇൻഡ്യയിൽ ആദ്യമായി ഒരു വിദേശീയൻ വാസ്കോഡിഗാമ കാലുകുത്തിയ എന്റെ നിയോജക മണ്ഡലത്തിലെ കാപ്പാട്, ടൂറിസ്റ്റ് വികസനകേന്ദ്രമായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ട് വളരെ വർഷങ്ങളായി. അവിടെ എന്ത് പ്രവർത്തനമാണ് ഇതുവരെ നടന്നിട്ടുള്ളതെന്ന് ഒന്നു വിശദമാക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: പല സ്ഥലങ്ങളും ഇതുപോലെ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ സാമ്പത്തികപരിമിതി മൂലം അവിടെ വേണ്ട സൗകര്യങ്ങൾ ചെയ്യാത്തതുകൊണ്ട് ടൂറിസ്റ്റുകൾ എത്തുന്നില്ല. കഴിയുന്നത്ര ടൂറിസ്റ്റുകളെ ആകർഷിക്കാൻ പര്യാപ്തമായ രീതിയിൽ സൗകര്യങ്ങളുണ്ടാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(മി. സ്പീക്കർ: 371-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് മന്ത്രി നൽകിയ സ്റ്റേറ്റ്മെന്റിനു പുറമെ സപ്ലിമെന്ററി ചോദ്യങ്ങൾ ചോദിക്കാം.)

371-ാം നമ്പർ ചോദ്യത്തിന്റെ സപ്ലിമെന്ററി ചോദ്യങ്ങൾ

ശ്രീ. പി. വിജയദാസ്: ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്കിൽനിന്നു ചെയിസിസിനും ബോഡി നിർമ്മിക്കുന്നതിനും പ്രത്യേകമായോ ഒരുമിച്ചോ വായ്പ നൽകുന്ന നടപടി നിലവിലുണ്ട്. അങ്ങനെയിരിക്കെ ബോഡി നിർമ്മിക്കുന്നതിനുകൂടി ലഭ്യമാകുന്ന വായ്പ ഉപയോഗിച്ച് കേരളത്തിലുള്ള സെൻട്രൽ വർക്ക്ഷോപ്പിൽ ബോഡി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കാതിരുന്നിട്ട് മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

നൽകിയ മറുപടിയിൽ അതിനുവരുന്ന ചെലവെന്നാണ് പറഞ്ഞിരിക്കുന്നത്. ചെലവെന്നു പറയുന്നത് അവിടത്തെ ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കുന്ന ശമ്പളമാണ്. ബോഡി നിർമ്മാണത്തിനുകൂടി ചേർത്തുള്ള വായ്പ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് ബാങ്കിൽനിന്നു ലഭ്യമാകുന്ന ഈ സന്ദർഭത്തിൽ എന്തുകൊണ്ടാണ് ഈ വർക്ക്ഷോപ്പിൽ ബോഡി നിർമ്മിക്കാതിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): ഐ.ഡി.ബി.ഐ. ആക്ടിലെ സെക്ഷൻ 91 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള അധികാരപ്രകാരമാണ് കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് ബിൽഡ് ദ ഡിസ്കൗണ്ടിംഗ് സ്കീം അനുസരിച്ച് വായ്പ ലഭിക്കുന്നത്. കെ. എസ്. ആർ. ടി. സി. വർക്ക്ഷോപ്പിൽ ബോഡി ബിൽഡ് ചെയ്യുകയെന്നു പറഞ്ഞാൽ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം മാത്രമല്ല, ബോഡി നിർമ്മിക്കുന്നതിനാവശ്യമായിട്ടുള്ള റാ മെറ്റീരിയൽസുകൂടി വാങ്ങിക്കേണ്ടതുണ്ട്. നമ്മുടെ സ്വന്തം വർക്ക്ഷോപ്പിൽ ബോഡി കെട്ടുന്നതിനുള്ള വായ്പയായിട്ട് ഐ.ഡി.ബി.ഐ. ലോൺ നമ്മുടെ ഈ വ്യവസ്ഥ പ്രകാരം ലഭിക്കുന്നില്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: നമ്മുടെ വർക്ക്ഷോപ്പിൽ ശമ്പളത്തിനും മെറ്റീരിയൽസ് വാങ്ങാനും കാശ് ചെലവാക്കേണ്ടിവരും. അത് മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുമെന്നാണ് ഈ സ്റ്റേറ്റ്മെന്റിൽ പറയുന്നത്. കേരളത്തിൽതന്നെ ചാക്ക പി. ഡബ്ലിയു. ഡി. വർക്ക്ഷോപ്പ് ഗവൺമെന്റ് മേഖലയിലും മറ്റു നിരവധി വർക്ക്ഷോപ്പുകളും സെൽഫ് എംപ്ലോയ്മെന്റ് സ്കീം അനുസരിച്ചുള്ളതാണ്. സഹകാര്യമേഖലയിലുമുണ്ടായിരിക്കേ, തൊഴിലില്ലായ്മയുടെ രൂക്ഷതയുള്ള ഈ സംസ്ഥാനത്ത് ഇത്തരത്തിൽ വ്യവസായങ്ങളം നടത്തിപ്പോലും തൊഴിലില്ലായ്മ പരിഹരിക്കാൻ ശ്രമിക്കാതെ, ഈ സൗകര്യങ്ങളുപയോഗിച്ചു ടി. വി. എസ്സിന്റെ വർക്ക്ഷോപ്പിൽ കൊടുക്കുന്നത് ലേയ്ലാൻഡുമായിട്ട് നടത്തിയിട്ടുള്ള കരാറിന്റെയടിസ്ഥാനത്തിൽ ചിലർക്ക് താൽപ്പര്യമുള്ളതുകൊണ്ടല്ലേ?

ശ്രീ. പി. കെ. വേലായുധൻ: ചാക്ക പി.ഡബ്ലിയു.ഡി. വർക്ക്ഷോപ്പ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ്! ഇപ്പോൾ അതു പൂട്ടിക്കിടക്കുകയാണ്. കടലോരപ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു വർക്ക്ഷോപ്പെന്ന നിലയിൽ നമ്മുടെ ചെയിസിസുകളും മറ്റും അവിടെ കൊണ്ടുചെന്നിട്ടാൽ കാലതാമസമുണ്ടാകുന്നതുകൊണ്ട് കൽക്കാറേറർ തുരുമ്പു പിടിക്കുന്ന സ്ഥിതിയുണ്ടാകും. ഇത് നമുക്ക് അനുയോജ്യമായ സ്ഥലമല്ല എന്നുള്ളതു പ്രത്യേകം കണക്കിലെടുക്കേണ്ടകാര്യമാണ്. ഇവിടെ ബഹുമാനപ്പെട്ട എ. സി. ഷൺമുഖദാസ് സൂചിപ്പിച്ചതുപോലെ ടി.വി.എസ്സുമായി കരാറൊന്നും ഉണ്ടാക്കിയിട്ടില്ല. നമുക്ക് ഐ.ഡി.ബി.ഐ. വഴി ലഭിക്കുന്ന ലോണിൽ നമ്മുടെ ലേയ്ലാൻഡ് ബസ്സുകൾ ബോഡി കെട്ടി വാങ്ങുന്നതിനുള്ള ലോണുണ്ട് എന്നുള്ളതുകൊണ്ടാണ് ഐ.ഡി.ബി.ഐ. യിൽ നിന്നു ലഭിക്കുന്ന ലോൺ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വഴി ചെയ്സിസ് ബിൽഡേഴ്സിനായി കൊടുത്ത് അവർ ബോഡി കെട്ടിത്തരുന്ന വണ്ടികൾ വാങ്ങുന്നത്. ടി.വി.എസ്സുമായി നമുക്ക് യാതൊരുവിധ ബന്ധവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: നമ്മുടെ വർക്ക്ഷോപ്പിൽ ബോഡി നിർമ്മിക്കുകയാണെങ്കിൽ ആ ഒരു ബോഡി നിർമ്മിക്കുന്നതിന് എന്തു ചെലവു വരും? ടി. വി. എസ്. വഴി അശോകാ ലെയ്ലാൻഡിൽ, ബോഡി നിർമ്മിക്കുന്നതിന് ബോഡി ചെയ്സിസ് കഴിച്ച് ബോഡിയുടെ മാത്രമായി എന്തു ചെലവ് വരും? അങ്ങനെ വരുന്ന വ്യത്യാസം ടി.വി.എസ്. വർക്ക്ഷോപ്പിൽ പണിത ബോഡി കൊണ്ടുപോകുന്നതിനുള്ള ചെലവും കൂടി ഗവൺമെന്റിന് മൊത്തം എന്തു നഷ്ടം വന്നിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: നമ്മുടെ വർക്ക്ഷോപ്പിൽ വണ്ടി ബോഡികെട്ടുകയാണെങ്കിൽ ഏതാണ്ട് ഒരു ലക്ഷത്തിയേഴായിരത്തിൽ ചിലപ്പോൾ രൂപയാണ് വരുന്നത്. എക്സ്പ്രസ് ബസ്സുകൾ ബോഡികെട്ടി അശോകാ ലെയ്ലാൻഡിൽ നിന്നു വരുമ്പോൾ ബോഡി കെട്ടുന്നതിന് മാത്രം ഒരു ലക്ഷത്തി നാൽപ്പതിനായിരം രൂപയാകുമെന്നു സാധാരണ ബസ്സുകൾക്ക് ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപ വരുന്നുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: ബഹുമാനപ്പെട്ട മന്ത്രി രണ്ടാമത് തന്ന പ്രസ്താവനയിലെ ആദ്യ പാരഗ്രാഫിൽ പറയുന്നത് ഐ.ഡി. ബി.ഐ. ലോൺ തരുന്നത് ബോഡികൂടി കെട്ടിയ ബസ്സുകൾ വാങ്ങുന്നതിനാണ്. അത് അപ്പോഴുള്ള വിവരം വച്ചാണ് പറയുന്നതെന്നു പറഞ്ഞു. പിന്നീട് കിട്ടിയ വിവരമനുസരിച്ച് ബോഡിക്കും ചെയിസിസിനും ലോൺ കിട്ടുമെന്നു പറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബോഡിയും ചെയിസിസും പ്രത്യേകം ലോണാക്കി വാങ്ങിച്ച് ബോഡിയുണ്ടാക്കുന്ന ജോലി നമ്മുടെ വർക്ക്ഷോപ്പിൽ നടത്താൻ നിയമപരമായി എന്താണ് തടസ്സമെന്നു വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: നമ്മുടെ വർക്ക്ഷോപ്പിൽ ലെയ്ലാൻഡ് ചെയ്സിസ് ഉപയോഗിച്ചു ബസ്സ് നിർമ്മിച്ചിട്ടുണ്ട്. 1984-85-ൽ 99 ബസ്സുകൾ നമ്മുടെ വർക്ക്ഷോപ്പിൽ ഉണ്ടാക്കിയിട്ടുണ്ട്. അതിൽ 92 എണ്ണം ടാറാബൈൻസും 7 എണ്ണം ലെയ്ലാൻഡ് ബസ്സുമാണ്.

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

ഫാർമസി കോളേജുകളിലെ പ്രവേശനം

*5 (452) ശ്രീ. കെ. പി. എ. മജീദ്:
,, കെ. പി. രാമൻ:
,, കൊരമ്പയിൽ അഹമ്മദ് ഹാജി:
,, പി. കെ. കെ. ബാവ:
,, നാലകത്തു സൂപ്പി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ആരംഭിച്ചിരിക്കുന്ന ഫാർമസി കോളേജുകളിലെ പ്രവേശനം തികച്ചും മെരിറ്റ് അടിസ്ഥാനത്തിൽ നൽകുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly